96 (114) കസ്റ്റഡി മരണം

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പോലീസ് കസ്റ്റ ഡിയിൽ വെച്ച് എത്ര മരണങ്ങളുണ്ടായി;

(ബി) ആരെല്ലാമാണ് പോലീസ് കസ്റ്റഡിയിൽ മരിച്ചത്; ഇവരെ ഓരോരുത്തരെയും എന്തെല്ലാം കേസുകളോടനുബന്ധിച്ചാണ് കസ്റ്റഡിയിൽ എടുത്തത്;

(സി) ജുഡീഷ്യൽ കസ്റ്റഡിയിലിരുന്ന ആരെങ്കിലും മരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാം;

(ഇ) കസ്റ്റഡി മരണം സംബന്ധിച്ച് എത്ര പോലീസുകാരുടെ മേൽ കേസ്സെടുത്തിട്ടുണ്ട്?

ഉത്തരം

(എ) പതിനെട്ടു പേർ.

(ബി, സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) രണ്ടു കേസ്സുകളിലായി രണ്ട് സബ് ഇൻസ്പെക്ടർമാർ ഉൾ പ്പെടെ 5 പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്.

97 (115) സർവ്വീസ് റിവോൾവറിൽ നിന്ന് വെടിയേറ്റതു മൂലം മരണപ്പെട്ട സംഭവം

ശ്രീ. വി.ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ചെറുതുരുത്തിയിലെ കാസറ്റുകടയിൽ കാസറ്റു വാങ്ങാൻ ചെന്ന ദ്രുതകർമ്മ സേനയുടെ പോലീസ് സൂപ്രണ്ടിന്റെ ഗൺമാന്റെ സർവ്വീസ് റിവോൾവറിൽ നിന്ന് വെടിയേറ്റതുമൂലം കടയുടമയായ തോമസ് എന്നയാൾ മരണപ്പെട്ട സംഭവം ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഉണ്ടായി ട്ടുണ്ടോ;

(ബി) തോമസിന് വെടിയേൽക്കാനിടയായ തോക്ക് ഉപയോഗിച്ചി രുന്ന പോലീസ് വകുപ്പ് ജീവനക്കാരന്റെ മേൽ എന്തു നടപടിയെടുത്തു;

(സി) പോലീസ് വെടിവയ്പ്പിൽ മരണമടയുന്ന ആളുകളുടെ ആശ്രി തർക്ക് സാമ്പത്തിക സഹായം നല്കാറുണ്ടോ;

(ഡി) സർവ്വീസ് റിവോൾവറിൽ നിന്ന് വെടിയേറ്റു മരിച്ച തോമസ്സിന്റെ ആശ്രിതർക്ക് സാമ്പത്തികസഹായം നല്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു;

(എഫ്) തോമസിന്റെ ആശ്രിതർക്ക് സഹായധനം നല്കുവാൻ നടപടി യെടുക്കുമോ?

ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പോലീസുകാരനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും പ്രതി ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. കൂടാതെ വകുപ്പു തല നടപടിയുടെ ഭാഗമായി ടിയാനെ സസ്പെന്റു ചെയ്യുകയും ഒരു വാക്കാൽ അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സി...എഫ്) നിവേദനം ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു.

98 (116) പോലീസ് റെയിഡ്

ശ്രീ.പി.ജെ.ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഇന്നുവരെ എത്ര രാഷ്ട്രീയ പ്രവർത്തകരുടെ ഭവനങ്ങൾ പോലീസ് റെയിഡ് ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ രാത്രികാലങ്ങളിൽ റെയിഡു ചെയ്യപ്പെട്ട ഭവനങ്ങളുടെ എണ്ണം എത്രയാണ്;

(സി) പോലീസ് ഇക്കാലത്ത് റെയിഡു ചെയ്ത ഭവനങ്ങളിൽ ഓരോ രാഷ്ട്രീയപാർട്ടിയിലും പെട്ടവരുടെ എത്ര വീടുകൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 990 പേരുടെ.

(ബി) 431 എണ്ണം.

(സി)

സി.പി.എം.	317
സി.പി.ഐ.	21
കോൺഗ്രസ്	64
ബി.ജെ.പി.	543
ആർ.എസ്.എസ്.	16
ഐ.യു.എം.എൽ.	13
ബി.എം.എസ്.	3
യു.ഡി.എഫ്.	7
ജനതാദൾ	6
ആകെ	990

99 (117) ശശിധരൻ നായരുടെ പേരിലെ കേസ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ റ്റി.സി. 37/368, വടക്കേനട ഫോർട്ടിൽ താമസിക്കുന്ന ശ്രീ. ശശിധരൻ നായരുടെ പേരിൽ ഫോർട്ട് സ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly